# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3973 — 19/03/2018 - ൽ മറുപടിക്ക്

### വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരുടെ ശമ്പളസ്കെയിൽ

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, വില്ലേജ് അസിസ്റ്റന്റ് തസ്തികകളിലേക്ക് നിയമനം ലഭിക്കുന്നതിന് നിലവിലുള്ള യോഗ്യതകൾ എന്തൊക്കെയാണ് വിശദമാക്കാമോ; | (എ) ലാൻഡ് റവന്യൂ വകുപ്പിൽ വില്ലേജ് അസിസ്റ്റന്റ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി/തത്തുല്യം പാസ്സ് ആണ്. 14/10/2016-ലെ സ.ഉ. (കൈ) 538/2016/ആർ.ഡി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഫീൽഡ് അസിസ്റ്റുമാരുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി/തത്തുല്യം പാസ്സ് ആക്കി ഉയർത്തിയിട്ടുള്ളത്. |
| (ബി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, വില്ലേജ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ജോലികൾ നിർവചിച്ചിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) വില്ലേജ് അസിസ്റ്റന്റുമാരുടെ ചുമതലകളെക്കുറിച്ച് വില്ലേജ് ഓഫീസ് മാന്വൽ 2-ാം അദ്ധ്യായം 8-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. വില്ലേജ് അസിസ്റ്റന്റുമാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.<br>1. നികുതി പിരിക്കുന്നതിന് വില്ലേജ് ഓഫീസറെ സഹായിക്കുക<br>2. കുടിശ്ശികക്കാരന്റെ ജംഗമ വസ്തുക്കൾ ജപ്തി ചെയ്യുക. (വ്യക്തമായി അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രം)<br>3. ലാൻഡ് റവന്യൂ രജിസ്റ്ററുകളും അക്കൗണ്ടുകളും കൃത്യമായി തയ്യാറാക്കുക. |

4. പ്രതിമാസ മുതൽ പിരിവ് ബാക്കി സ്റ്റേറ്റുമെന്റും, വാർഷിക റവന്യൂ അക്കൗണ്ടും യഥാസമയം തയ്യാറാക്കുക.

5. മേലുദ്യോഗസ്ഥൻമാർക്ക് അയക്കേണ്ട മറ്റ് റിപ്പോർട്ടുകളും ആനുകാലികങ്ങളും തയ്യാറാക്കുക.

6. വില്ലേജ് ഓഫീസിലെ റിക്കോർഡുകൾ ക്രമപ്പെടുത്തി സൂക്ഷിക്കുകയും നശിപ്പിക്കുവാൻ കാലമായ റിക്കാർഡുകളുടെ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

7. പുറംപോക്ക് സർവ്വെ ചെയ്യുകയും അവയിൽ കാണുന്ന പ്രവേശനങ്ങൾക്ക് സ്കെച്ചും, 'എ' ഫോറം സ്റ്റേറ്റുമെന്റും തയ്യാറാക്കുകയും ചെയ്യുക.

8. പുറംപോക്ക് ഭൂമികളുടെ അതിർത്തിക്കല്ലുകൾ പരിശോധിക്കുകയും അവയിൽ ഏതെങ്കിലും പുതുക്കുകയോ അറ്റകുറ്റം തീർപ്പാക്കുകയോ ചെയ്യാനുണ്ടെങ്കിൽ നടപടി സ്വീകരിക്കുകയും ചെയ്യുക.

9. ഭൂമി പതിവ്, ഭൂസംരക്ഷണം, ജമ മാറ്റം (പോക്കുവരവ്), റവന്യൂ റിക്കവറി, ഭൂമി പൊന്നുംവിലയ്ക്കെടുക്കൽ എന്നീ റവന്യൂ കേസുകളെ സംബന്ധിച്ച മഹസറും, റിക്കോർഡുകളും തയ്യാറാക്കുക.

10. എഴുത്തുകുത്തു ജോലിയിൽ വില്ലേജ് ഓഫീസറെ സഹായിക്കുക.

11. തഹസിൽദാരുടെ ഉത്തരവിൻപ്രകാരം ഭൂ ഉടമകൾക്ക് അവരവരുടെ വസ്തുക്കളുടെ ശരിയായ കിടപ്പും, അതിർത്തിയും കണ്ടുപിടിക്കുന്നതിന് സഹായിക്കുക.

12. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന മറ്റെല്ലാ സർക്കാർ ജോലികളും നിർവ്വഹിക്കുക.

വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ചുമതലകളെക്കുറിച്ച് വില്ലേജ് മാന്വൽ 2-ാം അദ്ധ്യായം 9-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

1. വില്ലേജിൽ പിരിയുന്ന തുക ഖജനാവിൽ ഒടുക്കാൻ വില്ലേജ് ഓഫീസറെ സഹായിക്കുക.
2. കുടിശ്ശികക്കാരുടെ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റ് നോട്ടീസുകളും നടത്തുക.
3. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന മറ്റെല്ലാ ജോലികളും നിറവേറ്റുക.

പ്രസ്തുത ചുമതലകൾ കൂടാതെ 30/06/2015-ലെ സ.ഉ(കൈ) 288/2015/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് ഓഫീസുകളിലെ കരം സ്വീകരിച്ച് ഒപ്പ് വച്ച് വിതരണം ചെയ്യുന്നതിനുള്ള അധികാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർ വിവിധ നോട്ടീസുകളുടെ നടത്തിപ്പിനായി വില്ലേജ് പരിധിക്കുള്ളിൽ സഞ്ചരിക്കേണ്ടതുണ്ടോ; ഇപ്രകാരം യാത്ര ചെയ്യുന്നതിന് യാത്രാബത്തയോ കൺവയൻസ് / സ്പെഷ്യൽ അലവൻസോ അനുവദിക്കാറുണ്ടോ; ഇല്ലായെങ്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഉണ്ട്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് മാർക്ക് പെർമനന്റ് കൺവയൻസ് അലവൻസ് അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ചെയ്യുന്ന ജോലി വില്ലേജ് അസിസ്റ്റന്റിന്റെ ജോലിക്കു തുല്യമോ കൂടുതലോ ആയ സാഹചര്യത്തിൽ എന്തുകൊണ്ടാണ് ശമ്പള സ്കെയിൽ തുല്യമാക്കി നൽകാത്തത് എന്നു വിശദമാക്കാമോ; തുല്യ ജോലിക്ക് തുല്യ ശമ്പളം എന്ന നീതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വില്ലേജ് അസിസ്റ്റന്റിന്റെ ചുമതലകൾ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ചുമതലയേക്കാൾ അധികമാണ്. 14/10/2016-ലെ സ.ഉ(കൈ) നം.538/2016/ആർ.ഡി പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 10-ാം ക്ലാസ്സ് പാസ്സ് ആയി ഉയർത്തിയെങ്കിലും ടി തസ്തികയുടെ ജോലി സ്വഭാവത്തിൽ മാറ്റം വന്നിട്ടില്ലാത്തതാണെന്നും ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ആ തസ്തികയിൽ നിക്ഷിപ്തമായിരിക്കുന്ന ജോലിയുടെ സ്വഭാവം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, അതാത് തസ്തികകളുടെ അധികാര പരിധി എന്നിവയെല്ലാം അടിസ്ഥാനമാക്കിയാണെന്നും, ആയതിനാൽ വില്ലേജ് ഫീൽഡ് അസിസ്റ്റുമാരുടെ വിദ്യാഭ്യാസ യോഗ്യത ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് സമാനമായതുകൊണ്ടുമാത്രം സമാന ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ലെന്ന് 23/10/2017-ലെ Rev-T1/204/2017/Rev നമ്പർ കത്തിൽ സർക്കാർ തീരുമാനം അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ